ഈ വർഷവും വളരെ വിപുലമായും തെച്ചപ്പെട്ട രീതിയിലും ബിഷപ്പ് ജെറോം
മെമ്മോറിയൽ സൗത്ത് ഇന്ത്യൻ ഇന്റർ കോളേജിയേറ്റ് പ്രബന്ധാവതരണ മത്സരം
പി.ടി.എ.യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. "സാമ്പത്തിക സംവ
രണം നേട്ടങ്ങളും കോട്ടങ്ങളും" എന്ന വിഷയത്തിൽ 2019 ഫെബ്രുവരി 27-ാം
തീയതിയാണ് കോളേജ് ഓഡിറ്റോറിയത്തിൽ മത്സരം സംഘടിപ്പിച്ചത്. കലാലയ
സ്ഥാപകനായ അഭിവന്ദ്യ ജെറോം തിരുമേനിയുടെ പാവനസ്മരണയോട് ആദ
രവ് പുലർത്തി നടത്തുന്ന ഈ മത്സരം ഇക്കൊല്ലം കൊല്ലം രൂപതയുടെ അഭിവന്ദ്യ
മെത്രാൻ മോസ്റ്റ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി ഉദ്ഘാടനം ചെയ്തു. കേര
ളം, തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിലെ വിവിധ കോളേജുകളിൽ
നിന്നായി 14 വിദ്യാർത്ഥികൾ ഈ മത്സരത്തിൽ പങ്കെടുത്തു.

CS Scanned with CamScanner